# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ T 3536

15.03.2018-ൽ മറുപടിക്ക്

**മുദ്രപത്രങ്ങൾ, കോർട്ട് ഫീ സ്റ്റാമ്പ് എന്നിവ ലഭ്യമാക്കാൻ നടപടി**

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | ഉത്തരം<br>ശ്രീ.റ്റി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് പത്ത് രൂപ കോർട്ട് ഫീ സ്റ്റാമ്പ് ലഭിക്കാനില്ലാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ദൗർലഭ്യത്തിന് കാരണമെന്തെന്ന് വ്യക്തമാക്കുമോ; | എ) സംസ്ഥാനത്ത് 10/- രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പുകൾ ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 10/- രൂപയുടെ ജുഡീഷ്യൽ സ്റ്റാമ്പുകൾക്ക് ട്രഷറികളിൽ മതിയായ നീക്കിയിരുപ്പ് ഉള്ളതിനാൽ ടി ഇനം സ്റ്റാമ്പുകൾ ലഭ്യമാകാത്ത സ്ഥിതി വിശേഷം നിലവിലില്ല. |
| ബി) വസ്തുവിൽപ്പന കരാറുകൾ, സ്കോളർഷിപ്പ് അപേക്ഷകൾ തുടങ്ങിയ വിവിധ ആവശ്യങ്ങൾക്ക് അനിവാര്യമായ മുദ്രപത്രങ്ങൾ ആവശ്യമായ തോതിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | ബി) സംസ്ഥാനത്ത് പ്രാദേശികമായി 50/-, 100/- രൂപ മുദ്രപത്രങ്ങൾ ആവശ്യമായ തോതിൽ ലഭ്യമാകുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടയുടൻ തന്നെ മുദ്രപ്പത്ര ലഭ്യതയുള്ള മറ്റ് ട്രഷറികളിൽ നിന്നും മുദ്രപത്രം എത്തിച്ച് ലഭ്യത ഉറപ്പ് വരുത്തിയിട്ടുണ്ട്. കൂടാതെ കുറഞ്ഞ മൂല്യമുള്ള മുദ്രപത്രങ്ങളുടെ പുനർമൂല്യനിർണ്ണയം വഴി 50/-, 100/- രൂപ മുദ്രപത്രങ്ങൾ ലഭ്യതക്കുറവുള്ള ട്രഷറികൾക്ക് എത്തിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ